**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി പി. അയിഷാ പോറ്റി,<br>ശ്രീ. ബി. ഡി. ദേവസ്സി ,<br>ശ്രീ. ബി .സത്യൻ** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടിക വർഗ്ഗക്കാർക്ക് ചികിത്സയും, ആരോഗ്യ സംരക്ഷണവും ഉറപ്പ് വരുത്തുന്ന തിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രകാരം 1,05,000 പേർക്കായി ആകെ 91.74 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 17.89 കോടി രൂപ ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 58981 പേർക്ക് ചികിത്സാ ധനസഹായമായാണ് അനുവദിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും, ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും, 4 ANM (Auxiliary Nurse & Midwifery Centre) സെന്ററുകളും പ്രവർത്തിക്കുന്നു. വകുപ്പിനു കീഴിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് KMSCL (Kerala Medical Services Corporation Ltd.)-ന്റെ കീഴിൽ വിവിധ ജില്ല കളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി നാളിതു വരെ 812.71 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലും, ജില്ലാ-താലൂക്ക് ആശുപത്രികളിലുമായി 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ |

| | | | |
|---|---|---|---|
| | | | വയനാട് ജില്ലയിൽ 6 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നു. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധന സഹായം അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനസഹായം 2000/- രൂപയിൽ നിന്നും 2500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2838 പേർക്ക് 7.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ, എന്നീ പഞ്ചായത്തുകളിലും 22.21 കോടി രൂപ ചെലവഴിച്ച് പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടി മേഖലയിൽ പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC കൾ (Nutrition Rehabilitation Centre) പ്രവർത്തിക്കുന്നു. അട്ടപ്പാടിയിൽ കൃഷി വകുപ്പുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6.87 കോടി രൂപ ചെലവഴിച്ച് മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം 1.81 കോടി രൂപ അനുവദിച്ചു. കൂടാതെ ഈ ആശുപത്രിയിൽ പട്ടിക വർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കു ന്നതിന് 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനു കീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്നു. |
| (ബി) | ഇവർക്കായി ആവിഷ്ക്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതിയിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സക്കായി ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സ യിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. മറ്റ് |

| | | | |
|---|---|---|---|
| | | | രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാരെയും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | ഉൾപ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർക്കായി ആരംഭിച്ച മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ ഇരുപത്തി ആറായിരത്തോളം വരുന്ന പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗക്കാരായ കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കും വേണ്ടി 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി പദ്ധതിയിൽ ഈ വിഭാഗത്തിന്റെ ആരോഗ്യ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്കു മാത്രമായി 20,94,32,329/- രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം ഹെൽത്ത് വോളന്റിയർമാരുടെ സേവനം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഏഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ വർഷാവർഷം അടിയ-പണിയ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വനപ്രദേശത്തുള്ള പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ആരോഗ്യ പരിരക്ഷാ പദ്ധതികളുടെ പ്രയോജനം യഥാസമയം ലഭ്യമാകുന്നുണ്ട്. വകുപ്പിന് കീഴിലുള്ള 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിൽ വനത്തിനുള്ളിലുള്ള പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന കോളനികൾക്ക് പ്രാമുഖ്യം നൽകുന്നു. |
| (ഡി) | പട്ടികവർഗ്ഗക്കാരുടെ ചികിത്സക്കായി വകുപ്പ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തെല്ലാം ധനസഹായമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് അടിയന്തിര സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ പട്ടികവർഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗം മൂലമോ, അപകടം മൂലമോ മരണത്തിന് ഇരയാകുക, അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുക, ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്കും മറ്റു |

| | | | |
|---|---|---|---|
| | | | ഗുരുതരമായ രോഗങ്ങൾക്കും ഉളള ചികിത്സ, തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമു ണ്ടാകുക തുടങ്ങിയ സാഹചര്യങ്ങളിൽ സമാശ്വാസ ധനസഹായം അനുവദിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ കുടുംബത്തിലെ വരുമാന ദായകനായ വ്യക്തി രോഗം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് 2,00,000/- രൂപ ധനസഹായം അനുവദിക്കുന്നു. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുക യാണെങ്കിൽ 25,000/- രൂപ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സക്കായി ഒരു ലക്ഷം രൂപ വരെ ധന സഹായം അനുവദിക്കുന്നു. ഇപ്രകാരം അനു വദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തീപിടിത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭം മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവക്ക് 50,000/- രൂപ വരെ ധനസഹായം അനുവദി ക്കുന്നു. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ